"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.അനിൽ കുമാർ.ടി.എസ് സേവനത്തിൽ നിന്ന് വിട്ടു നിന്ന കാലയളവ് മുൻ കാല സർവീസ് നഷ്ടമാകും വിധവും നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1211/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/06/2021

---

പരാമർശം:- 1 ശ്രീ.അനിൽ കുമാർ.ടി.എസ് -ന്റെ 18.09.2019 ലെ ശൂന്യവേതനാവധിയപേക്ഷ.

2 പഞ്ചായത്ത് ഡയറക്ടറുടെ 23.03.2020 ലെ ഇ6-13769/2019 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.അനിൽ കുമാർ.ടി.എസ് ടിയാൻ അനധികൃത ഹാജരില്ലായ്മയിലായിരുന്ന 23.12.2017 മുതൽ 06.06.2018 വരെയുള്ള കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ക്രമീകരിയ്ക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.അനിൽ കുമാർ.ടി.എസ്, 17.09.1996 ന് സേവനത്തിൽ പ്രവേശിച്ചു. ശ്രീ.അനിൽ കുമാർ.ടി.എസ്-ന് 23.12.1997 മുതൽ 22.12.2017 വരെ 20 വർഷം കെ എസ് ആർ ഭാഗം 1, അനുബന്ധം XII A പ്രകാരം അനുവദിച്ച ശൂന്യവേതനാവധി അവസാനിച്ച ശേഷവും ജോലിയിൽ പ്രവേശിക്കാതെ ടിയാൻ 06.06.2018 വരെ അവധിയിൽ തുടർന്നതിന് ശേഷം 07.06.2018 ൽ തൃത്താല ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പുനഃപ്രവേശിക്കുകയും ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.അനിൽ കുമാർ.ടി.എസ് സേവനത്തിൽ നിന്ന് വിട്ടു നിന്ന 23.12.2017 മുതൽ 06.06.2018 വരെയുള്ള കാലയളവ് മുൻ കാല സർവീസ് നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

File No.LSGD-EPA1/130/2020-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എ
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, തൂത്താല ഗ്രാമപഞ്ചായത്ത് , പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീ.അനിൽ കുമാർ.ടി.എസ്, ക്ലാർക്ക്, തൂത്താല ഗ്രാമപഞ്ചായത്ത്, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധനവകുപ്പ് ( 15.02.2021 ലെ 233/ഡെവ-1/20/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(130/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ